ഭരണഭാഷ - മാതൃഭാഷ

141

## അച്ചടി വകുപ്പ് ഡയറക്ടറുടെ പൂർണ്ണഅധിക ചുമതല വഹിക്കുന്ന ഗവ: പ്രസ്സുകളുടെ സൂപ്രണ്ടിന്റെ നടപടിക്രമം

(ഹാജർ: എ. സലീം)

തിരുവനന്തപുരം.

നം. 3694/21/ഐ.റ്റി.കമ്പോസ്

തീയതി: 08.07.2021

വിഷയം:- അച്ചടിവകുപ്പ് ഡയറക്ടറേറ്റ് - കമ്പോസ് പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നോഡൽ ഓഫീസർ, പ്രോജക്ട് ഓഫീസർ എന്നിവരെ നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം:-1. 05.05.2021 തീയതിയിൽ അച്ചടി വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിട്ട്സ്.

2. 05.02.2021-ലെ അച്ചടി വകുപ്പ് ഡയറക്ടറുടെ 16235/14/ജി3 നമ്പർ ഉത്തരവ്.

### ഉത്തരവ്

അച്ചടി വകുപ്പിൽ ഓഫീസ് ഓട്ടോമേഷൻ കമ്പോസ് പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുവാനും പ്രോജക്ട് നടപ്പാക്കുന്നതിനുമായി അച്ചടി വകുപ്പിലെ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

സൂചന (1) മിനിട്ട്സിലെ തീരുമാനപ്രകാരം ഡെപ്യൂട്ടി സൂപ്രണ്ട് (കോൺഫിഡൻഷ്യൽ) ചാർജ്ജ് എടുക്കുന്നതുവരെ ശ്രീ.കൃഷ്ണകുമാർ ജെ.യു., അസിസ്റ്റന്റ് സൂപ്രണ്ടിനെ കമ്പോസ് നോഡൽ ഓഫീസറായും ശ്രീമതി. ഷാജിദ ആർ.എസ്. നെ കമ്പോസ് പ്രോജക്ട് ഓഫീസർ ചുമതലയിൽ തുടരുവാൻ തീരുമാനിച്ച് ആയതിനോടൊപ്പം കമ്പോസ് പ്രോജക്ടിന്റെ 16255/14/ജി3 നമ്പർ ഫയലുകൾ Part I, II, III (1 &2) സ്റ്റോക്ക് ഫയലായി ബൈന്റ് ചെയ്ത് സൂക്ഷിച്ചുകൊണ്ട് 3694/21/ഐ.കമ്പോസ് എന്ന ഫയലിൽ കമ്പോസ് പ്രോജക്ടിന്റെ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

അടിയന്തിരമായി കമ്പോസ് പ്രോജക്ട് നടപ്പാക്കുന്നതിന് കമ്പോസ് പ്രോജക്ടിന്റെ നോഡൽ ഓഫീസറായി അസിസ്റ്റന്റ് സൂപ്രണ്ട് (ഷിഫ്റ്റ്) ശ്രീ.ജെ.യു. കൃഷ്ണകുമാറിനെയും പ്രോജക്ട് ഓഫീസറായി സീനിയർ സൂപ്രണ്ട് ശ്രീമതി. ആർ.എസ്.ഷാജിദയെയും നിയോഗിച്ച് ഉത്തരവാകുന്നു.

(ഒപ്പ്/-)

അച്ചടി വകുപ്പ് ഡയറക്ടർ ഇൻ-ചാർജ്ജ്

ബന്ധപ്പെട്ട വ്യക്തികൾക്ക്

പകർപ്പ്:-

അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ. / ഗവ: പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ./
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് / അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ /
കൺട്രോളർ ഓഫ് ഫോംസ് / ഫിനാൻസ് ഓഫീസർ /
സീനിയർ സൂപ്രണ്ട് / ഡെപ്യൂട്ടി സൂപ്രണ്ട് (ജനറൽ)/ കംപോസ് നോഡൽ ഓഫീസർ/
ഫയൽ / കരുതൽ ഫയൽ/ഐ.റ്റി. സെൽ

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്